**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 304** **23-08-2022 - ൽ മറുപടിയ്ക്ക്**

**അനാഥമന്ദിരങ്ങൾക്കുള്ള റേഷൻ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഗതിമന്ദിരങ്ങൾക്കും അനാഥാലയങ്ങൾക്കും സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | ചില സാങ്കേതിക കാരണങ്ങളാൽ വെൽഫെയർ സ്കീം പ്രകാരം കേന്ദ്ര സർക്കാർ അനുവദിക്കേണ്ട ഭക്ഷ്യ ധാന്യങ്ങൾക്ക് മുടക്കം വന്നിരുന്നു. ടി കാലയളവിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ടൈഡ്ഓവർ വിഹിതത്തിൽ നിന്നും വെൽഫെയർ സ്കീമിലേയ്ക്കുള്ള ഭക്ഷ്യ ധാന്യങ്ങൾ നൽകി വന്നിരുന്നു. എന്നാൽ ഭക്ഷ്യ ധാന്യങ്ങൾ വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന കേന്ദ്ര സർക്കാർ ഉത്തരവ് നടപ്പിലാക്കിയതിന്റെ ഭാഗമായി 2022 ജൂൺ, ജൂലൈ മാസങ്ങളിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം തടസ്സപ്പെട്ടിരുന്നു. പ്രസ്തുത സാഹചര്യം കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ അലോട്ട്മെന്റ് പുനസ്ഥാപിച്ചിട്ടുണ്ട്. 2022 - 2023 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തേയ്ക്ക് 2382.18 MT അരിയും 1004.82 MT ഗോതമ്പും കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ